REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 29-06-2024 സമയം 06.45 AM

## പ്രധാന വാർത്തകൾ

- റദ്ദാക്കിയ ദേശീയ പൊതു പ്രവേശന പരീക്ഷയുടെയും, UGC നെറ്റ് പരീക്ഷയുടെയും, പുതുക്കിയ തിയതികൾ നാഷണൽ ടെസ്റ്റിംഗ് ഏജൻസി പ്രഖ്യാപിച്ചു.
- സംസ്ഥാനത്തെ ആറ് സർവ്വകലാശാലകളിലെ വൈസ് ചാൻസലർമാരെ തെരഞ്ഞെടുക്കാൻ ഗവർണർ സെർച്ച് കമ്മറ്റികൾ രൂപീകരിച്ചു.
- പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പ്രതിമാസ മൻ കി ബാത് നാളെ രാവിലെ 11-ന് ആകാശവാണിയിലും ദൂരദർശനിലും.
- സംസ്ഥാനത്ത് കാലവർഷം ദുർബലം - ഒരു ജില്ലയിലും ജാഗ്രതാ നിർദേശമില്ല.
- കൊച്ചി കപ്പൽശാലയ്ക്ക് ചരക്ക് കപ്പൽ നിർമ്മാണത്തിന് 1,100 കോടി രൂപയുടെ ഓർഡർ ലഭിച്ചു.
- പുരുഷ ട്വന്റി-20 ലോകകപ്പ് ക്രിക്കറ്റ് ഫൈനലിൽ ഇന്ത്യ ഇന്ന് ദക്ഷിണാഫ്രിക്കയെ നേരിടും.

## വാർത്തകൾ വിശദമായി

**റദ്ദാക്കിയ ദേശീയ പൊതു പ്രവേശന പരീക്ഷ, UGC നെറ്റ് പരീക്ഷ, എന്നിവയുടെ പുതിയ തിയതികൾ നാഷണൽ ടെസ്റ്റിംഗ് ഏജൻസി പ്രഖ്യാപിച്ചു. NCET പരീക്ഷ ജൂലൈ പത്തിനും, CSIR -UGC നെറ്റ് പരീക്ഷ ജൂലൈ 25 മുതൽ 27**

വരെയും നടത്തും. UGC നെറ്റ് പരീക്ഷ ഓഗസ്റ്റ് 29 നും സെപ്റ്റംബർ നാലിനും ഇടയിൽ പൂർത്തീകരിക്കും. ഇത് സംബന്ധിച്ച കൂടുതൽ വിവരങ്ങൾ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണെന്ന് NTA അറിയിച്ചു.

✪✪✪

നീറ്റ് പരീക്ഷയിൽ നിന്ന് ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ട് തമിഴ്നാട് നിയമസഭ പ്രമേയം പാസ്സാക്കി. മുൻപത്തേതു പോലെ 12-ാം ക്ലാസ് പരീക്ഷാ മാർക്കിന്റെ അടിസ്ഥാനത്തിൽ മെഡിക്കൽ പ്രവേശനം അനുവദിക്കണമെന്നാണ് മുഖ്യമന്ത്രി M.K സ്റ്റാലിൻ കൊണ്ടുവന്ന പ്രമേയത്തിലെ ആവശ്യം. പ്രമേയം പാസ്സാക്കിയ വിവരം കാണിച്ച് സ്റ്റാലിൻ പ്രധാനമന്ത്രി നരേന്ദ്രമോദിക്ക് കത്തയച്ചിട്ടുണ്ട്.

✪✪✪

നീറ്റ് പരീക്ഷ ചോദ്യപേപ്പർ ചോർച്ചയുമായി ബന്ധപ്പെട്ട് CBI ജാർഖണ്ഡിൽ മൂന്ന് പേരെ അറസ്റ്റു ചെയ്തു. ഹസാരി ബാഗിലെ ഒയാസിസ് സ്കൂൾ പ്രിൻസിപ്പൽ അഹ്സാനുൽ ഹക്ക്, വൈസ് പ്രിൻസിപ്പൽ ഇംതിയാസ് എന്നിവർ ഇവരിൽ ഉൾപ്പെടുന്നു. ഹസാരിബാഗിൽ പരീക്ഷയുടെ സിറ്റി കോർഡിനേറ്റർ കൂടിയാണ് അറസ്റ്റിലായ അഹ്സാനുൽ ഹക്ക്.

✪✪✪

ആറ് സർവ്വകലാശാലകളിലെയും വൈസ് ചാൻസലർമാരെ തെരഞ്ഞെടുക്കുന്നതിന് ചാൻസലർ കൂടിയായ ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ സെർച്ച് കമ്മറ്റികൾ രൂപീകരിച്ചു. കേരള, MG, കുഫോസ്, കേരളാ

ടെക്നിക്കൽ യൂണിവേഴ്സിറ്റി, അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി, മലയാളം യൂണവേഴ്സിറ്റി, വൈസ് ചാൻസലർമാരെ കണ്ടെത്താനാണ് സമിതി രൂപീകരിച്ചത്.

✪✪✪

കാലിക്കറ്റ് യൂണിവേഴ്സിറ്റി ഇൻസ്ട്രുമെന്റേഷൻ എഞ്ചിനീയർ മുഹമ്മദ് സാജിദിനെ തരംതാഴ്ത്തിയ കാലിക്കറ്റ് സിൻഡിക്കേറ്റ് നടപടി ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ റദ്ദാക്കി. മുൻകാല പ്രാബല്യത്തോടെ അദ്ദേഹത്തെ തസ്തികയിൽ നിയമിക്കാനും സാമ്പത്തിക അനുകൂല്യങ്ങൾ മൂന്നുമാസത്തിനകം നൽകാനും ഗവർണർ ഉത്തരവിട്ടു,

✪✪✪

ആറ് മാസത്തിൽ താഴെ മാത്രം പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ വരിക്കാരായവർക്കും തുക പിൻവലിക്കാൻ പറ്റുന്ന തരത്തിൽ എംപ്ലോയീസ് പെൻഷൻ പദ്ധതി കേന്ദ്രഗവൺമെന്റ് ഭേദഗതി ചെയ്തു. ഏഴ് ലക്ഷത്തോളം EPS വരിക്കാർക്ക് ഇതിന്റെ പ്രയോജനം ലഭിക്കും. പൂർത്തീകരിച്ച ഓരോ മാസത്തെയും പരിഗണിച്ചായിരിക്കും ആനുപാതികമായി തുക പിൻവലിക്കാൻ അനുമതി നൽകുന്നത്.

✪✪✪

പ്രധാനമന്ത്രി നരേന്ദ്ര മോദി ജനങ്ങളുമായി ചിന്തകൾ പങ്കുവെക്കുന്ന പ്രതിമാസ മൻ കി ബാത്ത് നാളെ രാവിലെ 11ന് ആകാശവാണിയിലും ദൂരദർശനിലും പ്രക്ഷേപണം ചെയ്യും. മൻ കി ബാത്തിന്റെ 111-ാം എപ്പിസോഡാണിത്.

തുടർച്ചയായി മൂന്നാം തവണയും നരേന്ദ്രമോദി പ്രധാനമന്ത്രിയായി ചുമതലയേറ്റ ശേഷം പ്രക്ഷേപണം ചെയ്യുന്ന ആദ്യ എപ്പിസോഡാണിത്.

ആകാശവാണിയുടെയും ദൂരദർശന്റെയും എല്ലാ ചാനലിലും, AIR ന്യൂസ് വെബ്സൈറ്റിലും, ന്യൂസ് ഓൺ എയർ മൊബൈൽ ആപ്പിലും പരിപാടി കേൾക്കാം. DD ന്യൂസ്, PMO, വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയം എന്നിവയുടെ യൂട്യൂബ് ചാനലുകളിലും പരിപാടി ഉണ്ടായിരിക്കും. ഹിന്ദി പ്രക്ഷേപണത്തിന് ശേഷം കേരള നിലയങ്ങളിൽ മലയാള പരിഭാഷയും കേൾക്കാം.

✪✪✪

പ്രധാനമന്ത്രിയുടെ മൻ കീ ബാത് പ്രക്ഷേപണ പരമ്പരയെ അടിസ്ഥാനമാക്കി ഹൈസ്ക്കൂൾ, ഹയർ സെക്കന്ററി, കോളേജ് വിദ്യാർത്ഥികൾക്കായി സംഘടിപ്പിക്കുന്ന പ്രശ്നോത്തരിയുടെ പ്രാഥമികതല മത്സരങ്ങൾ അടുത്ത മാസം 15 നകം നടത്തും. നെഹ്റു യുവകേന്ദ്രയുടെയും, ഗ്ലോബൽ ഗിവേഴ്സ് ഫൗണ്ടേഷന്റെയും നേതൃത്വത്തിലാണ് മത്സരങ്ങൾ. താലൂക്ക് തലത്തിൽ തെരഞ്ഞെടുക്കുന്ന കുട്ടികൾക്ക് ഡൽഹിയിൽ സ്വാതന്ത്ര്യദിനാഘോഷത്തിൽ പങ്കെടുക്കുന്നതിന് അവസരം ലഭിക്കും.

✪✪✪

ദേശീയ തലത്തിൽ മികച്ച പ്രവർത്തനം കാഴ്ചവെച്ച പ്രാഥമിക ആരോഗ്യ കേന്ദ്രമായി തെരഞ്ഞെടുത്ത കോട്ടക്കൽ കുടുംബാരോഗ്യ കേന്ദ്രത്തിന് ന്യൂഡൽഹിയിൽ കേന്ദ്ര

ആരോഗ്യ സഹമന്ത്രി P. ഗണപത് റാവു ജാദവ് പുരസ്കാരം സമ്മാനിച്ചു. 99 ശതമാനം സ്കോർ നേടിയാണ് കോട്ടക്കൽ കുടുംബാരോഗ്യ കേന്ദ്രം ഒന്നാം സ്ഥാനത്തെത്തിയത്. സംസ്ഥാനത്തെ ആരോഗ്യ മേഖലയിലെ പുരോഗതിയ്ക്ക് ലഭിച്ച അംഗീകാരമാണ് പുരസ്കാരമെന്ന് മന്ത്രി വീണാ ജോർജ്ജ് വിലിയിരുത്തി.

സംസ്ഥാനത്ത് മഴ കുറഞ്ഞു. ഇന്ന് ഒരു ജില്ലയിലും ജാഗ്രതാ നിർദേശമില്ല. എന്നാൽ കർണാടക തീരത്ത് ഇന്ന് മണിക്കൂറിൽ 55 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റിന് സാധ്യതയുണ്ടെന്നും മീൻ പിടുത്തക്കാർ കടലിൽ പോകരുതെന്നും കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

കേരള - ലക്ഷദ്വീപ് - കർണാടക - തമിഴ് നാട് തീരത്ത് മൂന്ന് മീറ്റർ വരെ ഉയർന്ന തിരമാലയ്ക്ക് സാധ്യതയുണ്ടെന്ന് ദേശീയ സമുദ്ര സ്ഥിതി- പഠന ഗവേഷണ കേന്ദ്രം അറിയിച്ചു.

കുട്ടനാട്ടിലെ ജലനിരപ്പ് താഴാത്തതിനാൽ താലൂക്കിലെ പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ട്യൂഷൻ സെന്ററുകൾക്കും അംഗനവാടികൾക്കും ജില്ലാ കളക്ടർ അവധി പ്രഖ്യാപിച്ചു.

ആലപ്പുഴ ജില്ലയിൽ ദുരിതാശ്വാസ ക്യാമ്പുകൾ പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും അവധിയാണ്. മുൻ നിശ്ചയിച്ച പരീക്ഷകൾക്ക് മാറ്റമില്ല.

✪✪✪

മഴയുടെയും കാറ്റിന്റെയും ശക്തി കുറയുകയും ജാഗ്രതാ നിർദേശങ്ങൾ പിൻവലിക്കുകയും ചെയ്ത സാഹചര്യത്തിൽ ഇടുക്കി ജില്ലയിലെ വിനോദ സഞ്ചാരകേന്ദ്രങ്ങളിൽ ഏർപ്പെടുത്തിയിരുന്ന നിയന്ത്രണങ്ങൾ പിൻവലിച്ചു. ആവശ്യമായ മുൻകരുതലുകളോടെ വിനോദസഞ്ചാര കേന്ദ്രങ്ങൾക്ക് പ്രവർത്തിക്കാമെന്ന് ജില്ലാ കലക്ടർ അറിയിച്ചു.

✪✪✪

കൊച്ചി കപ്പൽശാലയുടെ സബ്സിഡിയറി കമ്പനിയായ ഉഡുപ്പി കൊച്ചിൻ ഷിപ്പിയാർഡിന് നോർവെയിൽ നിന്ന് 8 ചരക്ക് കപ്പലുകൾ നിർമ്മിക്കാൻ 1100 കോടി രൂപയുടെ ഓർഡർ ലഭിച്ചു.

ഇത് സംബന്ധിച്ച കരാർ നോർവീജിയൻ കമ്പനി വിൽസൺ A.S.A-യുമായി കപ്പൽശാല ഒപ്പുവച്ചു. ആദ്യഘട്ടത്തിൽ നാല് കപ്പലുകൾ നിർമ്മിച്ചു നൽകാനാണ് ഓർഡർ ലഭിച്ചത്. സെപ്റ്റംബറിനകം മറ്റ് നാല് കപ്പലുകൾ നിർമ്മിക്കാൻ കരാർ ഒപ്പിടും.

✪✪✪

പുരുഷ ട്വന്റി-20 ലോകകപ്പ് ക്രിക്കറ്റ് ഫൈനലിൽ ഇന്ത്യ ഇന്ന് ദക്ഷിണാഫ്രിക്കയെ നേരിടും. ഇന്ത്യൻ സമയം രാത്രി 8-ന് ബാർബഡോസിലാണ് മത്സരം.

സെമിയിൽ ഇപ്പോഴത്തെ ചാമ്പ്യൻമാരായ ഇംഗ്ലണ്ടിനെ 68 റൺസിന് തോൽപ്പിച്ചാണ് ഇന്ത്യ ഫൈനലിലെത്തിയത്. രണ്ടാം

സെമിയിൽ അഫ്ഗാനിസ്ഥാനെ തോൽപ്പിച്ചായിരുന്നു ദക്ഷിണാഫ്രിക്കയുടെ ഫൈനൽ പ്രവേശം. ഇന്ത്യൻ പരിശീലകനെന്ന നിലയിൽ രാഹുൽ ദ്രാവിഡിന്റെ അവസാന മത്സരം കൂടിയാണിത്.

✪✪✪

ചെന്നൈയിൽ വനിതാ ക്രിക്കറ്റ് ഏകദിന ടെസ്റ്റ് മത്സരത്തിന്റെ രണ്ടാം ദിനം ദക്ഷിണാഫ്രിക്കയ്ക്കെതിരായ ഒന്നാം ഇന്നിംഗ്സിൽ ഇന്ത്യ നാല് വിക്കറ്റ് നഷ്ടത്തിൽ 525 എന്ന സ്കോറിൽ കളി പുനരാരംഭിക്കും. ആദ്യം ബാറ്റ് ചെയ്ത ഷഫാലി വർമയും സ്മൃതി മന്ദാനയും വനിതാ ടെസ്റ്റ് ക്രിക്കറ്റിലെ എക്കാലത്തെയും ഉയർന്ന ഓപ്പണിംഗ് കൂട്ടുകെട്ടായ 292 റൺസ് നേടിയിരുന്നു.

✪✪✪

ഏഷ്യൻ ഗെയിംസിൽ യോഗയെ ഉൾപ്പെടുത്താൻ ഇന്ത്യൻ ഒളിമ്പിക് അസോസിയേഷൻ പ്രസിഡന്റ് ഡോ.P.T ഉഷ എടുത്ത തീരുമാനത്തെ കേന്ദ്രമന്ത്രി മൻസുഖ് മാണ്ഡവ്യ സ്വാഗതം ചെയ്തു. ഏഷ്യൻ ഗെയിംസിൽ യോഗയെ കായിക ഇനമായി ഉൾപ്പെടുത്തണമെന്ന് അഭ്യർത്ഥിച്ച് P.T ഉഷ ഒളിമ്പിക് കൗൺസിൽ ഏഷ്യാ പ്രസിഡന്റ് രാജ രൺധീർ സിംഗിന് കത്തെഴുതിയിരുന്നു.

✪✪✪

ഭാരത് പെട്രോളിയം കോർപ്പറേഷനുമായി ചേർന്ന് സപ്ലൈകോ ആരംഭിക്കുന്ന പെട്രോൾ ബങ്ക് മന്ത്രി G.R. അനിൽ ഇന്ന് മാനന്തവാടിയിൽ ഉദ്ഘാടനം ചെയ്യും. മന്ത്രി O.R. കേളു

അധ്യക്ഷനാകും. മാനന്തവാടി മുൻസിപ്പൽ ചെയർപേഴ്സൺ C.K. രത്നവല്ലി ആദ്യവിൽപ്പന നടത്തും.

✪✪✪

ജൂൺ മാസത്തെ റേഷൻ വിതരണം അടുത്ത മാസം അഞ്ചു വരെ നീട്ടിയതായി മന്ത്രി G.R അനിൽ അറിയിച്ചു. സ്റ്റോക്ക് തിട്ടപ്പെടുത്താൻ വ്യാപാരികൾക്ക് അനുവദിച്ച അവധി ആദ്യ പ്രവർത്തി ദിനമായ ജൂലൈ ഒന്നിന് പകരം ജൂലൈ ആറിനായിരിക്കും. ജൂലൈ മാസത്തെ റേഷൻ വിതരണം എട്ടാം തീയതി മുതൽ ആരംഭിക്കുമെന്നും മന്ത്രി അറിയിച്ചു.

✪✪✪

ലോക്സഭയിലെ CPIM കക്ഷി നേതാവായി കേന്ദ്ര കമ്മറ്റി അംഗം കൂടിയായ ആലത്തൂർ MP, കെ രാധാകൃഷ്ണനെ തെരഞ്ഞെടുത്തു. രാധാകൃഷ്ണനെ കക്ഷി നേതാവായി അംഗീകരിക്കണമെന്ന് അഭ്യർത്ഥിച്ച് പാർട്ടി ജനറൽ സെക്രട്ടറി സീതാറാം യെച്ചൂരി ലോക്സഭാ സ്പീക്കർക്ക് കത്ത് നൽകിയിരുന്നു.

✪✪✪

ദക്ഷിണ റയിൽവേയിൽ 28 ദിവസമായി ലോക്കോ പൈലറ്റുമാർ നടത്തി വന്ന അവകാശ സംരക്ഷണ സമരം പിൻവലിച്ചു. M.P മാർ അടങ്ങിയ സംഘം റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവിനെ കണ്ട് നടത്തിയ ചർച്ചയിൽ നൽകിയ ഉറപ്പു പരിഗണിച്ചാണ് സമരം പിൻവലിച്ചതെന്ന് ഓൾ ഇന്ത്യ ലോക്കോ റണ്ണിങ് സ്റ്റാഫ് അസ്സോസിയേഷൻ അറിയിച്ചു.

✪✪✪

ലഹരി വസ്തുക്കളുടെ ഉപയോഗത്തിനെതിരേയും സൈബറിടത്തിലെ മാന്യമായ ഇടപെടലിനെപ്പറ്റിയും സ്കൂളുകൾ കേന്ദ്രീകരിച്ച് ബോധവൽക്കരണം സംഘടിപ്പിക്കുമെന്ന് വനിതാ കമ്മിഷൻ അംഗം V.R. മഹിളാമണി പറഞ്ഞു. പാലക്കാട് ഗവ. ഗസ്റ്റ് ഹൗസിൽ സിറ്റിംഗിനു ശേഷം സംസാരിക്കുകയായിരുന്നു അവർ. പരിഗണിച്ച 45 കേസുകളിൽ ഏഴെണ്ണം തീർപ്പാക്കി. മൂന്നെണ്ണം റിപ്പോർട്ടിനു വിട്ടു.

✪✪✪

കണ്ണൂർ ജില്ലയിൽ വനിതാ കമ്മീഷനു മുന്നിൽ വരുന്ന പരാതികളുടെ എണ്ണം മറ്റു ജില്ലകളെ അപേക്ഷിച്ച് കുറവാണെന്ന് കമ്മീഷൻ അധ്യക്ഷ P സതീദേവി പറഞ്ഞു. വാർഡ്തല ജാഗ്രതാ സമിതികളുടെ സജീവ ഇടപെടലാണ് ഇതിനു കാരണമെന്ന് അവർ സിറ്റിംഗിനു ശേഷം വിലയിരുത്തി.

സിറ്റിംഗിൽ പരിഗണിച്ച 62 പരാതികളിൽ 14 എണ്ണം തീർപ്പാക്കി. നാലെണ്ണം പൊലീസിന്റെ റിപ്പോർട്ടിനും രണ്ടെണ്ണം ജാഗ്രതാ സമിതി റിപ്പോർട്ടിനും വിട്ടു.

✪✪✪

ദേശീയപാതാ നിർമ്മാണ പ്രവൃത്തി നടക്കുന്നയിടങ്ങളിൽ റോഡിലെ വെള്ളക്കെട്ട് രൂക്ഷമാകുന്നതിന് ഒരാഴ്ചകം പരിഹാരം കാണണമെന്ന് മന്ത്രി A.K ശശീന്ദ്രൻ നിർദേശം നൽകി. എലത്തൂർ നിയോജക മണ്ഡലത്തിലെ ദേശീയപാത പ്രവൃത്തിയുമായി ബന്ധപ്പെട്ട ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും യോഗത്തിലാണ് തീരുമാനം.

✪✪✪

യാത്രാ തിരക്ക് പരിഗണിച്ച് ഷൊർണൂരിനും കണ്ണൂരിനും ഇടയിൽ ജൂലൈ രണ്ടു മുതൽ 31 വരെ 18 പ്രത്യേക സർവ്വീസുകൾ നടത്താൻ ദക്ഷിണ റെയിൽവെ തീരുമാനിച്ചു. ഷൊർണൂരിൽ നിന്ന് ചൊവ്വ, ബുധൻ,വ്യാഴം, വെള്ളി ദിവസങ്ങളിലും, കണ്ണൂരിൽ നിന്ന് ബുധൻ, വ്യാഴം, വെള്ളി, ശനി ദിവസങ്ങളിലുമായിരിക്കും പ്രത്യേക സർവ്വീസ്.

✪✪✪